**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 110 12-06-2014- ൽ മറുപടിക്ക്

## റാഗിംഗ് നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ. ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ജൂനിയർ വിദ്യാർത്ഥികളുടെ അകാല മരണത്തിന് വരെ റാഗിംഗ് കാരണമാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) സുപ്രീംകോടതി നിർദ്ദേശിച്ച കർക്കശമായ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; | ബി) സുപ്രീംകോടതിയുടെയും, യു.ജി.സി യുടെയും നിർദ്ദേശപ്രകാരം എല്ലാ കോളേജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആന്റി റാഗിംഗ് കമ്മിറ്റി, സ്ക്വാഡ് എന്നിവ രൂപീകരിച്ചിട്ടുണ്ട്. സ്ക്വാഡുകൾ പ്രവർത്തിക്കുന്നത് കോളേജുതല ആന്റി-റാഗിങ് കമ്മറ്റിയുടെ കീഴിലാണ്. പ്രിൻസിപ്പാൾ തലവനായ സ്ക്വാഡിൽ വിദ്യാർത്ഥികൾക്ക് പുറമെ അദ്ധ്യാപകർ, ഹോസ്റ്റൽ വാർഡൻമാർ തുടങ്ങിയവർ ഉൾപ്പെടുന്നു. ആന്റി റാഗിങ് കമ്മറ്റിയിൽ വകുപ്പുതലവന്മാർ, പോലീസ് മേധാവികൾ, ലോക്കൽ മീഡിയ പ്രതിനിധികൾ, രക്ഷകർത്താക്കളിൽ നിന്നുള്ള പ്രതിനിധികൾ, ഭരണാധികാരികളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നു. |

| | |
|---|---|
| | ജില്ലാകളക്ടർ/ജില്ലാമജിസ്ട്രേറ്റ്-ന്റെ നേതൃത്വത്തിൽ ജില്ലാതല ആന്റി റാഗിങ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. കോളേജുതല കമ്മറ്റികളും സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന പരിശോധിക്കുകയാണ് ഇതിന്റെ ലക്ഷ്യം. |
| **സി)** റാഗിംഗ് നടത്തുന്നവർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്യുമ്പോൾ പോലീസിന്റെ എഫ്.ഐ. ആറിൽ നിസ്സാര കുറ്റങ്ങൾ രേഖപ്പെടുത്തുന്നതിനാൽ യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെ പ്രതിരോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ഡി) വിദ്യാർത്ഥികൾക്കിടയിൽ "ശത്രുവല്ല സഹപാഠികൾ" എന്ന അവബോധം ഉണ്ടാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | ഡി) കേരളസ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെയും, സർവ്വകലാശാലതല റാഗിംഗ് വിരുദ്ധ സെല്ലിന്റെയും സംയുക്താഭിമുഖ്യത്തിൽ എല്ലാവർഷവും വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും വേണ്ടി റാഗിംഗ് നിയമാവബോധന ക്ലാസ്സുകൾ നടത്താറുണ്ട്. സർവ്വകലാശാലാ യൂണിയന്റെ സഹകരണത്തോടെ കാമ്പസുകളിൽ എല്ലാവർഷവും റാഗിംഗിനെതിരെ പോസ്റ്റർ പ്രചരണവും സംഘടിപ്പിച്ചുവരുന്നു. അഡ്മിഷന്റെ ഭാഗമായിത്തന്നെ പ്രോസ്പെക്ടസിൽ റാഗിംഗിന് നൽകുന്ന ശിക്ഷകളെപ്പറ്റി വിവരം നൽകുന്നുണ്ട്. നവാഗതരായ വിദ്യാർത്ഥികളുടെ കാര്യത്തിൽ അദ്ധ്യാപകർ പ്രത്യേക പരിഗണന |

| | |
|---|---|
| | നൽകാറുണ്ട്. വിദ്യാർത്ഥികൾ തമ്മിലുള്ള സഹകരണം ഊഷ്മളമാക്കുന്നതിനും, ജൂനിയർ-സീനിയർ വ്യത്യാസം വിദ്യാർത്ഥികൾക്കിടയിൽ നിന്നും ഒഴിവാക്കുന്നതിനും, വിദ്യാർത്ഥികളിൽ പരസ്പര സാഹോദര്യവും, സഹപാഠികളെ മിത്രങ്ങളും-സമന്മാരുമായി കണ്ട് അധ്യയനത്തിൽ ശ്രദ്ധിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തിയെടുക്കുന്നതിനുമായി ചർച്ചാക്ലാസ്സുകളും, ബോധവത്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. |
| ഇ) റാഗിംഗ് നിയന്ത്രിക്കാൻ ഉദാസീനത കാണിക്കുന്ന വാർഡന്മാർ, വകുപ്പ് മേധാവികൾ, സ്ഥാപനമേധാവികൾ എന്നിവർക്കെതിരെ നടപടി സ്വീകരിക്കാൻ വൈസ് ചാൻസലർമാർക്ക് നിർദ്ദേശം നൽകുമോ? | ഇ) റാഗിംഗ് പരാതികളെക്കുറിച്ചും, റാഗിംഗ് വിരുദ്ധ സെല്ലിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും, സമഗ്രമായ റിപ്പോർട്ട് ചാൻസലർ കൂടിയായ ഗവർണ്ണർക്ക് എല്ലാ മാസവും സമർപ്പിക്കാറുണ്ട് ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വേണ്ട നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ